| പതിമൂന്നാം കേരള നിയമസഭ | |
|---|---|
| പതിനാറാം സമ്മേളനം | |
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.296 | 08/02/2016 ൽ മറുപടിക്ക് |
| കേസുകളിന്മേലുള്ള അന്വേഷണം | |
| ചോദ്യം | മറുപടി |
| ശ്രീ.പി.തിലോത്തമൻ | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി ) |

| | | | |
|---|---|---|---|
| (എ) | അഴിമതിയുടെ പേരിലും മറ്റ് കുറ്റകൃത്യങ്ങളുടെ പേരിലും വിജിലൻസ് കേസിൽപെട്ടിട്ടുള്ള എത്ര മന്ത്രിമാർ ഈ മന്ത്രിസഭയിൽ ഉണ്ടെന്ന പറയാമോ; | (എ) | രണ്ട് മന്ത്രിമാർ |
| (ബി) | ഇവർക്കെതിരെ എന്തെല്ലാം കുറ്റങ്ങളുടെ പേരിലാണ് കേസ്സുകൾ എടുത്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) യും (സി) യും | (i) ശ്രീ.അടൂർ പ്രകാശ് 2004-05 കാലയളവിൽ ഭക്ഷ്യപൊതുവിതരണ വകുപ്പ് മന്ത്രിയായിരിക്കെ ഔദ്യോഗിക പദവി ദുരുപയോഗപ്പെടുത്തി അനധികൃത മൊത്ത വ്യാപാര ഡിപ്പോ ലൈസൻസ് നൽകുന്നതിന് കൈക്കൂലി ആവശ്യപ്പെട്ടതായ ആരോപണവുമായി ബന്ധപ്പെട്ട് വി.സി. 2/2008/എൻ.ആർ.കെ നമ്പരിൽ രജിസ്റ്റർ ചെയ്ത കേസിന്റെ അന്വേഷണം നടന്നവരുന്നു.<br>(ii) ശ്രീ.പി.ജെ.ജോസഫ്, എം.എൽ.എ ആയിരുന്നപ്പോൾ വനം കൈയ്യേറി എന്ന ആരോപണവുമായി ബന്ധപ്പെട്ട് വി.സി.6/2012/എൻ.ആർ.കെ നമ്പരായി വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം പൂർത്തിയാക്കി 19.03.2015 - ൽ കോട്ടയം വിജിലൻസ് കോടതിയിൽ അന്തിമ റിപ്പോർട്ട് സമർപ്പിച്ചു. ഇതിന്മേൽ കോടതി ഉത്തരവ് ലഭിച്ചിട്ടില്ല. കൂടാതെ ഔദ്യോഗിക പദവി ദുരുപയോഗപ്പെടുത്തി അനധികൃതമായി കുടിവെള്ള കണക്ഷൻ നൽകിയെന്ന ആരോപണവുമായി ബന്ധപ്പെട്ട് ശ്രീ.പി.ജെ.ജോസഫിനെതിരെ വി.സി.7/13/ടി.എസ്.ആർ നമ്പരിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തു. അന്വേഷണം പൂർത്തിയാക്കി അന്തിമ റിപ്പോർട്ട് 10.12.2013- ൽ കോടതിയിൽ സമർപ്പിച്ചു. കോടതിയുടെ ഉത്തരവ് ലഭിച്ചിട്ടില്ല. |
| (സി) | ഇവർക്കെതിരെയുള്ള കേസുകളിന്മേലുള്ള അന്വേഷണവും നിയമനടപടികളും ഏതു ഘട്ടത്തിലാണെന്ന് പറയാമോ? | | |

സെക്ഷൻ ഓഫീസർ